പ്രകാരം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥാപനാനുമതി 2010 മേയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടിയുള്ള മുട്ടത്തറ സീവേജ് ഫാമിൽനിന്നും ശുദ്ധീകരണത്തിനുശേഷം മണൽത്തിട്ടകളിൽകൂടി കടന്നു വരുന്ന ജലം പാർവ്വതീ പുത്തനാറിൽ ഒഴുകിയെത്തുന്നു. നിലവിലുള്ള സംവിധാനം കുറ്റമറ്റതല്ലാത്തതിനാൽ കെ.എസ്.യു.ഡി. പദ്ധതി പ്രകാരം 107 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. ഇതു പ്രവർത്തനക്ഷമമാകുമ്പോൾ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും.

കൊച്ചി നഗരസഭയ്ക്കുവേണ്ടിയുള്ള പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച ജലം സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിശ്ചിത തോതിലുള്ള ഗുണനിലവാരം ഉറപ്പാക്കിയിട്ടാണ് സമീപത്തുള്ള ജലാശത്തിലേയ്ക്ക് തുറന്ന് വിടുന്നത്.

(സി) പരാതികളിന്മേൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അന്വേഷണം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയം നൽകുകയും ചെയ്തു വരുന്നു.

തെരുവ് നായ ശല്യം

176 (4800) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് നായ്ക്കളെ കൊല്ലുന്നതിന് ഇപ്പോൾ എത്ര തുക ചെലവഴിക്കുവാൻ അനുവാദമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തെരുവ് നായ്ക്കളെ കൊല്ലുന്ന നടപടി ബഹു. സുപ്രീം കോടതിയുടെ ഇടക്കാല വിധിയനുസരിച്ച് നിർത്തലാക്കിയിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുക ചെലവഴിക്കുന്നില്ല.

തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് നടപടി

177 (4801) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇതിനായി പ്രത്യേകം ഡോക്ടർമാരെ നിയോഗിക്കുമോ ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര നായ്ക്കളെ വന്ധ്യം കരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പേവിഷബാധയേറ്റ നായ്ക്കളെ കണ്ടെത്തുന്നതിനും വേദനാരഹി തമായ രീതിയിൽ കൊല്ലുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. ഇതിനുള്ള പദ്ധതി തദ്ദേശ ഭരണസ്ഥാപനങ്ങൾ സർക്കാരിതര ഏജൻസികളുമായി സഹകരിച്ച് തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയാൽ ആവശ്യമായ ധനസഹായം കേന്ദ്ര സർക്കാർ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ഡോക്ടർമാരുടെ സേവനവും നൽകി വരുന്നു.

(ബി) തിരുവനന്തപുരത്ത് മൂന്ന് വെറ്ററിനറി ആശുപത്രികളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 2001-ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസിൽ പേവിഷബാധയേറ്റവയും മാരകമായി മുറിവേറ്റവയുമായ നായ്ക്കളെ വേദനാര ഹിതമായ ദയാവധത്തിന് വിധേയമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വഖഫ് ബോർഡിനെ സംബന്ധിച്ച ജ.നിസ്സാർ കമ്മീഷൻ റിപ്പോർട്ട്

178 (4802). ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് നിസ്സാർ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊ ക്കെയായിരുന്നു ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷൻ ഏതെല്ലാം കാര്യങ്ങളിൽ അന്വേഷണം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്വേഷണ കമ്മീഷന്റെ കാലാവധി എന്നവസാനിച്ചു എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണമെന്തെല്ലാം എന്നറിയിക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ട് നിയമ സഭയിൽ വയ്ക്കുന്നതിനുമുമ്പ് റിപ്പോർട്ടിലെ പരാമർശങ്ങൾ പരസ്യപ്പെടുത്തിയതിനെക്കുറിച്ച് ഗവ. അന്വേഷി

LIBRARY ARCHIVES Kerala Legislative Assembly